**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*495 — 18.05.2017 ൽ മറുപടിക്ക്

## വസ്ത്രഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) വസ്ത്രഗ്രാമം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതിയനുസരിച്ച് ഏതെല്ലാം ജില്ലകളിലാണ് വസ്ത്രഗ്രാമങ്ങൾ തുടങ്ങിയതെന്നും എന്തെല്ലാം പരിശീലന പരിപാടി കളാണ് തൊഴിലാളികൾക്ക് നൽകിയതെന്നും അറിയിക്കാമോ; | (എ) സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ സർക്കാർ ധനസഹായ ത്തോടെ നടപ്പാക്കുന്ന വസ്ത്രഗ്രാമം പദ്ധതിയിൽ ആദ്യഘട്ടമായി തിരുവനന്തപുരം, കോട്ടയം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പരിശീലന പരിപാടികൾ പൂർത്തിയാക്കിയി ട്ടുണ്ട്. പരിശീലനം വിജയകരമായി പൂർത്തീകരിച്ചവർ രൂപീകരിക്കുന്ന വനിതാ വ്യവസായ സഹകരണ സംഘങ്ങൾ തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ രൂപീകരിച്ചുകഴിഞ്ഞു. ഈ സംഘങ്ങളുടെ പൊതുസേവന കേന്ദ്രങ്ങൾക്കാവശ്യമായ മെഷിനറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ വനിതാ വ്യവസായ സംഘങ്ങൾ രൂപീകരിക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ച കഴിഞ്ഞു. ആദ്യ ഘട്ടത്തിലെ 5 ജില്ലകളിലേയും വ്യവസായ സഹകരണ സംഘങ്ങളുടെ പൂർണ്ണ തോതിലുള്ള പ്രവർത്തനം ഉടൻ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>ഓരോ ജില്ലയിലും 60 വനിതകളെ തെരഞ്ഞെടുത്ത് ടെക്സ്റ്റൈൽ ഓർണമെന്റേഷൻ, ഹോസ്പിറ്റൽ വെയർ മാനുഫാക്ചറിംഗ്, ചുരിദാർ നിർമ്മാണം, ഡിസ്പോസിബിൾ നാനോ വസ്ത്ര നിർമ്മാണം എന്നിവയിലാണ് പ്രധാനമായും പരിശീലനം ലഭ്യമാക്കിയത്. |
| (ബി) പരമ്പരാഗത മേഖലയിൽ പുത്തനുണർവ്വ് സൃഷ്ടിക്കാൻ ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) കേരളത്തിലെ പരമ്പരാഗത തൊഴിൽമേഖല യ്ക്കും സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്കും പുത്തനുണർവ്വ് നൽകാനും പരമ്പരാഗത ആർട്ടിസാൻ കുടുംബങ്ങളിലെ സ്ത്രീകളെ തൊഴിൽപരമായി പുനരധിവസിപ്പി |

ക്കുന്നതിനും പൊതുസേവനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ